**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1202** **04-07-2022 - ൽ മറുപടിയ്ക്ക്**

**റോഡുപണി പൂർത്തിയാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം പണിപൂർത്തിയാക്കിയ പൊതുമരാമത്ത് റോഡുകൾ പണി പൂർത്തിയാക്കി ദിവസങ്ങൾക്കുള്ളിൽ തന്നെ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം ഇത്തരം സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ യൂട്ടിലിറ്റി ഏജൻസികൾ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ നിയമാനുസൃതമായ അനുമതിയോടെയും, ഫീസുകൾ അടച്ചും കുഴിയ്ക്കുന്നത് പൊതുമരാമത്ത് വകുപ്പ് യഥാസമയം റെസ്റ്റോറേഷൻ പ്രവർത്തികൾ ക്രമീകരിച്ച് പൂർവ്വ സ്ഥിതിയിൽ ആക്കാറുണ്ട്. എന്നാൽ ചില യൂട്ടിലിറ്റി ഏജൻസികൾ അവരുടെ പ്രവൃത്തി പൂർത്തിയാക്കിയാലും കുഴി മൂടുന്നതിന് മുമ്പ് നടത്തേണ്ടതായ ടെസ്റ്റുകൾ നടത്തി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കാലതാമസം ഉണ്ടാകുമ്പോൾ അത്തരം പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് അതിന്റേതായ കാലതാമസം നേരിടുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാ തല ഇൻഫ്രാസ്ട്രക്ചർ കോഡിനേഷൻ കമ്മിറ്റികൾ, PMG Portal, RoW Portal എന്നിവ നിലവിലുണ്ട്. എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ DICC യോഗം കൂടുകയും വിവിധ പ്രവൃത്തികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ PMG Portal മുഖേന ത്വരിതപ്പെടുത്തി വരുന്നു. റോഡുകൾ കുഴിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുമതി നൽകുന്നതും RoW Portal മുഖേനയാണ്.<br><br>സംസ്ഥാനത്ത് ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനും കേബിളുകൾക്ക് വേണ്ടിയും റോഡുകൾ വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പിലെയും ജലവിഭവ വകുപ്പിലെയും ഉദ്യോഗസ്ഥരെ അംഗങ്ങളായി ഉൾപ്പെടുത്തി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായി ഒരു സമിതി 07/01/2022-ലെ ജി.ഒ(ആർ.റ്റി) നം.20/2022/.പി.ഡബ്ല്യൂഡി പ്രകാരം രൂപീകൃതമായിട്ടുണ്ട്. കൂടാതെ റോഡുകൾ വെട്ടി മുറിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗ രേഖ നിഷ്കർഷിച്ചും പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി മുറിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാക്കിയും 24/02/2022 ലെ ജി.ഒ (എം.എസ്) നം.08/2022/പി.ഡബ്ല്യൂഡി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരമാണ് നിലവിൽ റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നത്.<br><br>ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH – 33044/2015/S & R (R) തീയതി 22/11/2016 ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തിലേയ്ക്കുള്ള ലൈസൻസ് ഫീസും, പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ചെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന ദേശീയപാത റോഡുകളുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയാണ് മേൽപ്പറഞ്ഞ രീതിയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുവാനും സമയബന്ധിതമായി റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കി സഞ്ചാരയോഗ്യമാക്കുവാനും എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം ഇത്തരം സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ യൂട്ടിലിറ്റി ഏജൻസികൾ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ നിയമാനുസൃതമായ അനുമതിയോടെയും, ഫീസുകൾ അടച്ചും കുഴിയ്ക്കുന്നത് പൊതുമരാമത്ത് വകുപ്പ് യഥാസമയം |

റെസ്റ്റോറേഷൻ പ്രവർത്തികൾ ക്രമീകരിച്ച് പൂർവ്വ സ്ഥിതിയിൽ ആക്കാറുണ്ട്. എന്നാൽ ചില യൂട്ടിലിറ്റി ഏജൻസികൾ അവരുടെ പ്രവൃത്തി പൂർത്തിയാക്കിയാലും കുഴി മൂടുന്നതിന് മുമ്പ് നടത്തേണ്ടതായ ടെസ്റ്റുകൾ നടത്തി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കാലതാമസം ഉണ്ടാകുമ്പോൾ അത്തരം പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് അതിന്റെതായ കാലതാമസം നേരിടുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാ തല ഇൻഫ്രാസ്ട്രക്ചർ കോഡിനേഷൻ കമ്മിറ്റികൾ, PMG Portal, RoW Portal എന്നിവ നിലവിലുണ്ട്. എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ DICC യോഗം കൂടുകയും വിവിധ പ്രവൃത്തികളുടെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ PMG Portal മുഖേന ത്വരിതപ്പെടുത്തി വരുന്നു. റോഡുകൾ കുഴിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുമതി നൽകുന്നതും RoW Portal മുഖേനയാണ്.

സംസ്ഥാനത്ത് ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനും കേബിളുകൾക്ക് വേണ്ടിയും റോഡുകൾ വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെയും ജലവിഭവ വകുപ്പിലെയും ഉദ്യോഗസ്ഥരെ അംഗങ്ങളായി ഉൾപ്പെടുത്തി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായി ഒരു സമിതി 07/01/2022-ലെ ജി.ഒ(ആർ.റ്റി) നം.20/2022/.പി.ഡബ്ല്യൂഡി പ്രകാരം രൂപീകൃതമായിട്ടുണ്ട്. കൂടാതെ റോഡുകൾ വെട്ടി മുറിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗ രേഖ നിഷ്കർഷിച്ചും പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനും മറ്റുമായി മുറിക്കുമ്പോൾ അവ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാക്കിയും 24/02/2022 ലെ ജി.ഒ (എം.എസ്) നം.08/2022/പി.ഡബ്ല്യൂഡി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരമാണ് നിലവിൽ റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നത്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH – 33044/2015/S & R (R) തീയതി 22/11/2016 ലെ

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തിലേയ്ക്കുള്ള ലൈസൻസ് ഫീസും, പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ചെസ് ടെക്നോളജി അടക്കമുള്ള നൂതനമായ സാങ്കേതിക വിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന ദേശീയപാത റോഡുകളുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയാണ് മേൽപ്പറഞ്ഞ രീതിയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. |
| (സി) | പൂർത്തിയാക്കിയ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നതെന്നും ഇത്തരത്തിലുണ്ടാകുന്ന നഷ്ടം 2022 മുതൽ ഇല്ലായ്മ ചെയ്യുവാൻ സാധിക്കുമോയെന്നും വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ ജല വകുപ്പ് കുഴിക്കുന്ന റോഡുകൾ റെസ്റ്റോർ ചെയ്യുന്നതിന്റെ ഉത്തരവാദിത്തം വാട്ടർ അതോറിറ്റിക്കാണ്. പുതുതായി നിർമ്മിച്ച / പുനർ നിർമ്മിച്ച റോഡുകളുടെ ഉപരിതലം മുറിയ്ക്കുന്നത് സംബന്ധിച്ച് കാലപരിധി നിശ്ചയിച്ചിട്ടുണ്ട്. പുതിയതായി ഉപരിതലം നിർമ്മിച്ച് 1 വർഷം കഴിഞ്ഞ ശേഷം മാത്രമേ സാധാരണഗതിയിൽ റോഡ് മുറിക്കുന്നതിന് അനുമതി നൽകുകയുള്ളൂ. ആയതിനാൽ ബന്ധപ്പെട്ട ഇനത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം ഇപ്പോൾ ഗണ്യമായി കുറക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ